പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 140 — 28/06/2016 ൽ മറുപടിക്ക്

ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിക്ക് പുതിയ തസ്തികകൾ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഉഴവൂർ കെ.ആർ. നാരായണൻ ആശുപ്രതിയുടെ കെട്ടിടം ഉദ്ഘാടനം കഴിഞ്ഞ ശേഷം പുതിയ തസ്തികകൾ ഒന്നും തന്നെയില്ലാതെ ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുവാൻ കഴിയാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിക്ക് പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഡി.എച്ച്.എസ്. പ്രപ്പോസ് ചെയ്ത് സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന 223/എം2/H&FW എന്ന ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഈ ഫയലിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ഉണ്ടായിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശുപാർശ ലഭിച്ചിരുന്നു. 14/03/2016 -ലെ 223/എം1/16/ആകുവ എന്ന കത്ത് പ്രകാരം സ്പെഷ്യാലിറ്റി ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ, അധികമായി ആവശ്യമുള്ള തസ്തികകൾ, എണ്ണം അനിവാര്യത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ